പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1431 **16-10-2026-ൽ മറുപടിയ്ക്ക്**

1995-ലെ കാർഷിക തൊഴിൽ ദാന പദ്ധതിയുടെ ഗുണഭോക്താക്കൾക്കുള്ള പെൻഷൻ

ചോദ്യം ഉന്നയിച്ച അംഗങ്ങൾ **മറുപടി നൽകിയ മന്ത്രി**

ശ്രീ. ടി. കെ. ഗോവിന്ദൻ മാസ്റ്റർ ശ്രീ. ടി. സിദ്ദീഖ്
(കൃഷി വകുപ്പ് മന്ത്രി)

(എ) 1995-ൽ നടപ്പിലാക്കിയ കാർഷിക മേഖലയിലെ തൊഴിൽ പദ്ധതിയിൽ അംഗങ്ങളായിട്ടുള്ള ഗുണഭോക്താക്കൾക്ക് പ്രതിമാസ പെൻഷൻ കൃത്യമായി വിതരണം ചെയ്യുന്നുണ്ടോ; നിലവിൽ എത്ര മാസത്തെ പെൻഷൻ കുടിശ്ശികയുണ്ടെന്ന് വ്യക്തമാക്കുമോ;

മറുപടി: പെൻഷൻ കുടിശ്ശിക സംബന്ധിച്ച ജില്ല തിരിച്ചുള്ള വിവരം ചുവടെ ചേർക്കുന്നു.

ജില്ല	കുടിശ്ശിക വിവരം
തിരുവനന്തപുരം	21 മാസം
കൊല്ലം	33 മാസം
പത്തനംതിട്ട	3 മാസം
ആലപ്പുഴ	822 അംഗങ്ങൾക്ക് 15 മാസത്തെയും 633 അംഗങ്ങൾക്ക് 39 മാസത്തേയും
കോട്ടയം	21 മാസം
ഇടുക്കി	15 മാസം
എറണാകുളം	231 പേർക്ക് 49 മാസത്തേയും 456 പേർക്ക് 42 മാസത്തേയും 1063 പേർക്ക് 30 മാസത്തേയും 641 പേർക്ക് 18 മാസത്തേയും 238 പേർക്ക് 6 മാസത്തേയും
തൃശ്ശൂർ	21 മാസം
പാലക്കാട്	84 അംഗങ്ങൾക്ക് 46മാസത്തേയും 150 അംഗങ്ങൾക്ക്45മാസത്തേയും 90 അംഗങ്ങൾക്ക് 33 മാസത്തേയും 101 പേർക്ക് 1/22- 9/26വരെയും 172 പേർക്ക് 11/2019- 9/2026വരെയും 223 പേർക്ക് 1/23- 9/26 വരെയും 66 അംഗങ്ങൾക്ക് 1/23- 9/26വരെയും 451 അംഗങ്ങൾക്ക് 4/17- 9/26 വരെയും

മലപ്പുറം	51 മാസം
കോഴിക്കോട്	45 മാസം
വയനാട്	429 അംഗങ്ങൾക്ക് 21 മാസത്തേയും 32 അംഗങ്ങൾക്ക് 33 മാസത്തേയും
കണ്ണൂർ	പാനൂർ , പേരാവൂർ ബ്ലോക്കിലെ അംഗങ്ങൾക്ക് 33 മാസത്തേയും മറ്റു അംഗങ്ങൾക്ക് 45 മാസത്തേയും
കാസർഗോഡ്	21 മാസത്തെ

(ബി) കണ്ണൂർ ജില്ലയിലെ കുറുമാത്തൂർ അംശത്തിലെ എം. ശോഭന (അംഗത്വ നം. 88219) ഉൾപ്പെടെയുള്ള ഗുണഭോക്താക്കൾക്ക് കഴിഞ്ഞ മൂന്ന് വർഷത്തോളമായി പെൻഷൻ കുടിശ്ശികയാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇതിന്മേൽ എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

<u>മറുപടി:</u> ആനുകൂല്യത്തിനായുള്ള ശ്രീമതി. എം ശോഭനയുടെ അപേക്ഷ പ്രകാരം ഗ്രാറ്റുവിറ്റിയായി 30,000/- രൂപയും പെൻഷനായി 19,000/- രൂപയും അനുവദിച്ചിരുന്നു. ശേഷിക്കുന്ന മാസങ്ങളിലെ പെൻഷൻ അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(സി) ഗുണഭോക്താക്കളുടെ അംഗത്വ കാർഡുകൾ കണ്ണൂർ ജില്ലാ കൃഷി ഓഫീസിൽ കെട്ടിക്കിടക്കുന്നത് കാരണം പെൻഷൻ ആനുകൂല്യങ്ങൾ തടസ്സപ്പെടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; 2024 സെപ്റ്റംബറിൽ കൃഷി മന്ത്രിയുടെ ഉത്തരവുണ്ടായിട്ടും ജില്ലാ കൃഷി ഓഫീസിൽ നിന്നും ഈ കാർഡുകൾ തിരികെ വാങ്ങി നൽകാൻ നടപടി സ്വീകരിക്കാത്തതിന്റെ കാരണം വ്യക്തമാക്കുമോ;

<u>മറുപടി:</u> ഗുണഭോക്താക്കളുടെ അംഗത്വ കാർഡുകൾ കണ്ണൂർ ജില്ലാ കൃഷി ഓഫീസിൽ സമർപ്പിച്ചിരിക്കുന്ന എന്ന കാരണത്താൽ പെൻഷൻ ആനുകൂല്യ വിതരണത്തിന് യാതൊരുവിധ തടസ്സവും നേരിടുന്നില്ല.

"എയിംസ്" പോർട്ടലിൽ അംഗങ്ങളുടെ വിവരങ്ങൾ രേഖപ്പെടുത്തി പെൻഷൻ കുടിശ്ശിക വിതരണം എളുപ്പമാക്കുന്നതിന് വേണ്ടിയുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

കണ്ണൂർ ജില്ലാ കൃഷി ഓഫീസിൽ സമർപ്പിച്ചിട്ടുള്ള അംഗത്വ കാർഡുകൾ സംബന്ധിച്ച വിവരം ലഭ്യമാക്കുവാൻ എല്ലാ കൃഷി ഓഫീസർമാർക്കും നിർദ്ദേശം നൽകിയിട്ടുണ്ട്. കൃഷി ഭവനുകളിൽ നിന്നും ലഭിക്കുന്ന വിവരങ്ങൾ പ്രകാരം അംഗത്വ കാർഡുകൾ ജില്ലാ കൃഷി ഓഫീസർ തിരികെ നൽകിവരുന്നു.

(ഡി) പ്രസ്തുത വിഷയം പരിഹരിച്ച് പെൻഷൻ കുടിശ്ശിക വിതരണം ചെയ്യുന്നതിനും തടഞ്ഞുവെച്ചിട്ടുള്ള അംഗത്വ കാർഡുകൾ അടിയന്തരമായി ഗുണഭോക്താക്കൾക്ക് ലഭ്യമാക്കുന്നതിനും ആവശ്യമായ നടപടികൾ സ്വീകരിക്കുമോ; വിശദമാക്കുമോ?

<u>മറുപടി:</u> ഗുണഭോക്താക്കളുടെ അംഗത്വ കാർഡുകൾ കണ്ണൂർ ജില്ലാ കൃഷി ഓഫീസിൽ സമർപ്പിച്ചിരിക്കുന്ന എന്ന കാരണത്താൽ പെൻഷൻ ആനുകൂല്യ വിതരണത്തിന് യാതൊരുവിധ തടസ്സവും നേരിടുന്നില്ല.

"എയിംസ്" പോർട്ടലിൽ അംഗങ്ങളുടെ വിവരങ്ങൾ രേഖപ്പെടുത്തി പെൻഷൻ കുടിശ്ശിക വിതരണം എളുപ്പമാക്കുന്നതിന് വേണ്ടിയുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

കണ്ണൂർ ജില്ലാ കൃഷി ഓഫീസിൽ സമർപ്പിച്ചിട്ടുള്ള അംഗത്വ കാർഡുകൾ സംബന്ധിച്ച വിവരം ലഭ്യമാക്കുവാൻ എല്ലാ കൃഷി ഓഫീസർമാർക്കും നിർദ്ദേശം നൽകിയിട്ടുണ്ട്. കൃഷി ഭവനുകളിൽ നിന്നും ലഭിക്കുന്ന വിവരങ്ങൾ പ്രകാരം അംഗത്വ കാർഡുകൾ ജില്ലാ കൃഷി ഓഫീസർ തിരികെ നൽകിവരുന്നു.

സെക്ഷൻ ഓഫീസർ